**വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(ഹാജർ : പി.എം. റെജീന)**

ഇ.ബി.1/1687/2016 തീയതി :23.08.2017

വിഷയം :– വ്യവസായം – ജീവനക്കാര്യം – ഫെയർ കോപ്പി സൂപ്രണ്ട്/ടൈപ്പിസ്റ്റ്– പ്രമോഷൻ, റിവർഷൻ, സ്ഥലം മാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:–1. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും വിരമിച്ച ശ്രീ. ഉണ്ണി കൃഷ്ണൻ.പി –യുടെ 25.11.2016 തീയതിയിലെ സമർപ്പണം.

2. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.എൽ.ഗീതാകുമാരി–യുടെ 01.06.2017 തീയതിയിലെ സമർപ്പണം.

3. 17.08.2015–ലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇ.ബി.1/5348/2012 നമ്പർ നടപടിക്രമം.

4. 18.07.2016–ലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇ.ബി.1/1687/2016 നമ്പർ നടപടിക്രമം.

5. ഈ ഓഫീസിലെ 17.08.2017 തീയതിയിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇ.ഇ.3/1405/2017 നമ്പർ നടപടിക്രമം.

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും വിരമിച്ച സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.പി.ഉണ്ണികൃഷ്ണൻ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.എൽ.ഗീതാകുമാരി എന്നിവർ തങ്ങൾക്ക് അർഹതപ്പെട്ട ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം സീനിയോറിറ്റി അനുസരിച്ച് സമയ ബന്ധിതമായി അനുവദിച്ച് നൽകിയില്ല എന്ന് സൂചന പ്രകാരം പരാതി നൽകുകയുണ്ടായി. മേൽ പരാതിയുടെ അടിസ്ഥാനത്തിൽ പരാതിയുമായി ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ നിന്നും പരാതി നൽകിയ ശ്രീമതി.എൽ.ഗീതാകുമാരി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റേയും, അതുപോലെ ശ്രീ.പി.എസ്.സുനിൽ കുമാർ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റേയും, ശ്രീ.എം.എ. ഇബ്രാഹിം, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റേയും സീനിയോറിറ്റി മറികടന്നാണ് ശ്രീമതി. ലിസിമോൾ.ടി.കെ–യ്ക്കും, ശ്രീ.ആൽബർട്ട് വില്ലിംഗ്ടൺ.വൈ–യ്ക്കും ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു.

ശ്രീമതി. ലിസിമോൾ.ടി.കെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 31.04.1996–ലെ ഇബി1/32835/95–ാം നമ്പർ നിയമന ഉത്തരവ് പ്രകാരം വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ എൽ.ഡി.ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിക്കുകയും 12.10.2001 തീയതിയിലെ ഇഇ3/33175/97–ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള 01.01.1995 മുതൽ 31.12.1997 വരെയുള്ള എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ

അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ. നമ്പർ 9 ആയി ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം 23.03.2002 തീയതിയിൽ ഇബി1/26246/01-ാം നമ്പർ ഉത്തരവ് പ്രകാരം ടിയാൾ അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേന വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ 11.04.2002-ൽ എൽ.ഡി.ടൈപ്പിസ്റ്റായി തന്നെ ടിയാന്റെ അപേക്ഷ പ്രകാരം സ്ഥലം മാറ്റം അനുവദിച്ചു. 28.08.2008 തീയതിയിലെ ഇഇ3/15442/07 -ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള 01.01.2002 മുതൽ 31.12.2006 വരെ കാലയളവിലുള്ള എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളെ ക്രമ. നമ്പർ 1 ആയി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സൂചന (2) പ്രകാരം ശ്രീമതി. ലിസിമോൾ.ടി.കെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ 01.01.2002 മുതൽ 31.12.2006 വരെയുള്ള എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് ആധാരമാക്കിയല്ല സ്ഥാനക്കയറ്റം നൽകിയത്. ആയതിനാൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേക്ക് അനർഹമായിട്ടാണ് സ്ഥാനക്കയറ്റം നൽകിയത് എന്ന് ബോധ്യപ്പെട്ടു.

ശ്രീ. ആൽബർട്ട് വില്ലിംഗ്ടൺ.വൈ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 15.02.1996 തീയതിയിലെ ഇബി1/36298/95-ാം നമ്പർ നിയമന ഉത്തരവു പ്രകാരം അന്തർ വകുപ്പ്/ അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേന ദേവികുളം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ഓഫീസിൽ നിന്നും പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ എൽ.ഡി.ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിച്ചു. 12.10.2001 തീയതിയിലെ ഇഇ3/33175/97 -ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള 01.01.1995 മുതൽ 31.12.1997 വരെ കാലയളവിലുള്ള എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോ റിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 10 ആയി ശ്രീ.ആൽബർട്ട് വില്ലിംഗ്ടൺ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന് ശേഷം 14/01/2003 തീയതിയിലെ ഇബി1/27466/02-ാം നമ്പർ ഉത്തരവ് പ്രകാരം അന്തർ ജില്ല സ്ഥലം മാറ്റം വാങ്ങി ടിയാൾ പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ എൽ.ഡി ടൈപ്പിസ്റ്റ് (ഹയർ ഗ്രേഡ്) ആയി തന്നെ സ്ഥലം മാറ്റം സ്വീകരിച്ചു. എന്നാൽ അന്തർ ജില്ല സ്ഥലം മാറ്റം സ്വീകരിച്ചതിന് ശേഷം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിൽ ടിയാനെ ജൂനിയറാക്കി ഉൾകൊള്ളിച്ചിട്ടില്ല. സൂചന (3) പ്രകാരം ശ്രീ.ആൽബർട്ട് വില്ലിംഗ്ടൺ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയത് 01/01/1995 മുതൽ 31/12/1997 വരെ കാലയളവിലുള്ള എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിനെ ആധാരമാക്കിയാണ്, ആയത് 01.01.1995 മുതൽ 31.12.1997 വരെയുള്ള സീനിയോരിറ്റി ലിസ്റ്റിലെ നിലവിൽ സർവ്വീസിൽ ഉള്ള ക്രമ നം. 13 ആയ

ശ്രീമതി.എൽ.ഗീതാകുമാരി, ക്രമ നം.17 ആയ ശ്രീ.സുനിൽ കുമാർ.പി.എസ്, ക്രമനം.19 ആയ ശ്രീ.എം.എ.ഇബ്രാഹിം എന്നിവരുടെ സീനിയോരിറ്റി മറികടന്ന് ആണെന്നും ബോധ്യപ്പെട്ടു.

മേൽ കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31/12/2016 വരെ കാലയളവിലുള്ള ഫെയർ കോപ്പി സൂപ്രണ്ട്/ സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ്/യു.ഡി/എൽ.ഡി ടൈപ്പിസ്റ്റുമാരുടെ താൽക്കാലിക സീനിയോരിറ്റി പരാതികൾ/ആക്ഷേപങ്ങൾ സ്വീകരിച്ച് കൊണ്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ടി താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൻ മേൽ പരാതികൾ ഉള്ള ജീവനക്കാരെയും സീനിയോരിറ്റി പ്രശ്നങ്ങൾ ഉൾപ്പെട്ട മറ്റ് പരാതിക്കാരെയും നേരിൽ കേൾക്കുകയും ആക്ഷേപങ്ങൾ/പരാതികൾ പരിഹരിച്ച് സൂചന (5) പ്രകാരം അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഹിയറിംഗിൽ അനർഹമായി ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി.ലിസി മോൾ.ടി.കെ യും, ശ്രീ.ആൽബർട്ട് വില്ലിംഗ്ടണും തങ്ങൾക്ക് ലഭിച്ച സ്ഥാനക്കയറ്റം സാധൂകരിക്കത്തക്ക യാതൊരു രേഖകളോ / വാദങ്ങളോ സമർപ്പിച്ചിട്ടുമില്ല. യഥാർത്ഥത്തിൽ സ്ഥാനക്കയറ്റം ലഭിയ്ക്കേണ്ടിയിരുന്ന ശ്രീമതി.ഗീതാകുമാരി.എൽ, ശ്രീ.സുനിൽ കുമാർ.പി.എസ്, ശ്രീ.എം.എ.ഇബ്രാഹിം എന്നിവർ യഥാക്രമം മെയ് 2018, ആഗസ്റ്റ് 2018, സെപ്റ്റംബർ 2018 എന്നീ മാസങ്ങളിൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നവരാണ്. ആയത് കൊണ്ട് അവർക്ക് അർഹതപ്പെട്ട ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. ആയതിനാൽ സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ് അടിസ്ഥാനമാക്കി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിലെ ഫെയർ കോപ്പി സൂപ്രണ്ടായ ശ്രീമതി.ലിസിമോൾ.റ്റി.കെ-യെയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഫെയർ കോപ്പി സൂപ്രണ്ടായ ശ്രീ.ആൽബർട്ട് വില്ലിംഗ്ടൺ -നെയും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയി റിവർട്ട് ചെയ്ത് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന തസ്തികയും, ഓഫീസും | റിവർഷനായ തസ്തികയും നിയമിച്ച ഓഫീസും |
|---|---|---|
| 1. | **ശ്രീമതി.ടി.കെ.ലിസ്സിമോൾ**<br>ഫെയർ കോപ്പി സൂപ്രണ്ട്<br>കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br>ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം |
| 2. | **ശ്രീ.വൈ.ആൽബർട്ട് വില്ലിംഗ്ടൻ**<br>ഫെയർ കോപ്പി സൂപ്രണ്ട്<br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തിരുവനന്തപുരം | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br>ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം. |

ബന്ധപ്പെട്ട നിയന്ത്രണ അധികാരികൾ ഉത്തരവ് തീയതി പ്രാബല്യത്തിൽ മേൽ പറഞ്ഞവരെ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിക്കുന്ന ഓഫീസിലെ നിയന്ത്രണാധികാരികൾ ഉത്തരവ് തീയതി മുതൽ ഇവർക്ക് അർഹമായ ശമ്പളനിർണ്ണയം നടത്തി നൽകേണ്ടതുമാണ്.

ചുവടെ പറയുന്ന ജീവനക്കാരെ ഫെയർ കോപ്പി സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം നൽകി അവരുടെ നേരെ കൊടുത്തിരിക്കുന്ന ഓഫീസിൽ നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന തസ്തികയും, ഓഫീസും | സ്ഥാനക്കയറ്റം ലഭിച്ച തസ്തികയും നിയമിച്ച ഓഫീസും |
|---|---|---|
| 1. | **ശ്രീമതി.എൽ.ഗീതാകുമാരി**<br>സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തിരുവനന്തപുരം | ഫെയർ കോപ്പി സൂപ്രണ്ട്<br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തിരുവനന്തപുരം (17/08/2015 മുതൽ) നോഷണൽ പ്രൊമോഷൻ) |
| 2. | **ശ്രീ.പി.എസ്.സുനിൽകുമാർ**<br>സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br>ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം | ഫെയർ കോപ്പി സൂപ്രണ്ട്<br>കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം (18.07.2016 മുതൽ നോഷണൽ പ്രൊമോഷൻ) |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ മേൽ പറഞ്ഞവരുടെ ശമ്പള നിർണ്ണയം പ്രൊമോഷൻ തീയതി മുതൽ സാങ്കൽപ്പികമായി നിർണ്ണയിച്ച് നൽകേണ്ടതും

സ്ഥാനക്കയറ്റം മൂലമുള്ള സാമ്പത്തിക ആനുകൂല്യം സ്ഥാനക്കയറ്റ തസ്തികയിൽ പ്രവേശിച്ചതിന് ശേഷം നൽകേണ്ടതുമാണ്.

മാനുഷിക പരിഗണന കണക്കിലെടുത്ത് ശ്രീമതി.ലിസിമോൾ.ടി.കെ, ശ്രീ.ആൽബർട്ട് വില്ലിംഗ്ടൺ.വൈ എന്നിവർക്ക് അവരുടെ സ്വന്തം ജില്ലയിൽ തന്നെ സ്ഥലം മാറ്റം അനുവദിച്ച് നൽകുന്നതിലേക്കായി താഴെപറയുന്ന ജീവനക്കാരെ അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള ഓഫീസുകളിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന തസ്തികയും, ഓഫീസും | സ്ഥലംമാറ്റം ലഭിച്ച ഓഫീസ് |
|---|---|---|
| 1. | **ശ്രീ.ആന്റണി റോക്സൺ.ടി.സി.**<br>സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്<br>ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം | ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം<br>(അപേക്ഷ പ്രകാരം) |
| 2. | **ശ്രീമതി.രശ്മി.ബി.എസ്.**<br>സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്<br>ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്<br>തിരുവനന്തപുരം |

ബന്ധപ്പെട്ട നിയന്ത്രണാധികാരി മേൽ ജീവനക്കാരുടെ വിടുതൽ/ജോലിയിൽ പ്രവേശിച്ച തീയതി യഥാവിധി ഈ ആഫീസിൽ അറിയിക്കേണ്ടതാണ്. നിലവിലുള്ള ചട്ടപ്രകാരം ബന്ധപ്പെട്ട ഓഫീസുകളിൽ നിയമപ്രകാരമുള്ള ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.

റിലിംഗ്വിഷ്മെന്റ് ഉണ്ടെങ്കിൽ ആ വിവരം 7 ദിവസത്തിനകം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ് : ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. ഡയറക്ടർ, കൈത്തറി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം, കൊല്ലം, കോട്ടയം.
3. അക്കൗണ്ട്സ്/ഇ.ഇ./ഇ.സി സെക്ഷനുകൾ
4. സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

C.8 bpb 21.08.17